## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **3551** **20.06.2018**- ൽ മറുപടിയ്ക്ക്

### പ്രമേഹബാധിതരായ കുട്ടികൾക്ക് അനലോഗ് ഇൻസുലിൻ നൽകുന്നതിനുള്ള പദ്ധതി

ചോദ്യം | മറുപടി

ശ്രീ. കെ.സി.ജോസഫ്

**കെ.കെ.ശൈലജ ടീച്ചർ**
(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ മന്ത്രി)

| | | | |
|---|---|---|---|
| (എ) | ടൈപ്പ് വൺ പ്രമേഹബാധി-തരായ കുട്ടികൾക്ക് സൗജന്യമായി അനലോഗ് ഇൻസുലിൻ നൽകുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | ഉണ്ട്. ടൈപ്പ് വൺ പ്രമേഹ ബാധിതരായ കുട്ടികൾക്കായി കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ മുഖേന ഇൻസുലിൻ പെൻ, കണ്ടിന്യൂസ് ഗ്ലൂക്കോസ് മോണിറ്റർ, ഇൻസുലിൻ പമ്പ് തുടങ്ങിയവ ഉപയോഗിച്ചുള്ള ആധുനിക ചികിത്സയും ആവശ്യമായ ആരോഗ്യ – ചികിത്സ- ഭക്ഷണ കാര്യ ഉപദേശങ്ങളും പരിരക്ഷയും നൽകുന്ന ഒരു സമഗ്ര പദ്ധതിയായ "മിഠായി" ആവിഷ്കരിച്ചിട്ടുണ്ട്. ടി പദ്ധതിയ്ക്കായി 2 കോടി രൂപ അനുവദിച്ചിട്ടുണ്ട്. |
| (ബി) | ഏതൊക്കെ ആശുപത്രികളിലാണ് ഈ പദ്ധതി ആദ്യഘട്ടത്തിൽ തുടങ്ങുന്നത്; | (ബി) | തിരുവനന്തപുരം, ആലപ്പുഴ, കോഴിക്കോട് എന്നീ മെഡിക്കൽ കോളേജുകളിൽ പ്രത്യേക ടൈപ്പ് 1 ഡയബറ്റിക് സെന്ററുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |
| (സി) | കടുത്ത ഷുഗർ വ്യതിയാനമുള്ള കുട്ടികൾക്ക് ഇൻസുലിൻ പമ്പ് സൗജന്യമായി നൽകുന്നതിന് പദ്ധതിയുണ്ടോ; | (സി) | ഉണ്ട്. |
| (ഡി) | ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുവാൻ വാർഷിക വരുമാന പരിധി നിശ്ചയിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ? | (ഡി) | 2 ലക്ഷം രൂപ വാർഷിക വരുമാന പരിധി നിശ്ചയിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**